(സി) ആവശ്യപ്പെട്ടവക്ക് കൊടുത്തിട്ടുണ്ട്.

(ഡി) മൂന്നാം ചോദ്യത്തിന്റെ ഉത്തരം നോക്കുക.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഹിന്ദുശിപായിമാരെല്ലാം പ്രിവെൻറിവ് ഫോഴ്സിൽ ആണോ?

മിസ്റ്റർ സി. ജെ. മാത്യു: അല്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ബി. ചോദ്യത്തിനു മറുപടിയായി പ്രിവെൻറിവ് ഫോഴ്സിൽ ഉള്ളവക്ക കൊടുക്കുവാൻ നിവൃത്തിയില്ലെന്നു പറഞ്ഞിട്ടുണ്ട്.

മിസ്റ്റർ സി. ജെ. മാത്യു: പ്രിവെൻറിവ് ഫോഴ്സിൽ പൊതുവെ കൊടുക്കുവാൻ നിവൃത്തിയില്ലെന്നാണു പറഞ്ഞിരിക്കുന്നതു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ആക്കെങ്കിലും കൊടുത്തിട്ടുണ്ടോ?

മിസ്റ്റർ സി. ജെ. മാത്യു: ഉവ്വ്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: എത്രപേക്ക കൊടുത്തിട്ടുണ്ട്?

മിസ്റ്റർ സി. ജെ. മാത്യു: നോട്ടീസ്സ് വേണം.

മിസ്റ്റർ കെ. എസ്സ് പണിക്കർ: ഫ്രണ്ട്-ലെ ഓണത്തിനു് ആക്കെങ്കിലും ഒഴിവു് കൊടുത്തിട്ടുണ്ടോ?

മിസ്റ്റർ സി. ജെ. മാത്യു: ഉവ്വ്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: കുസ്ത്രാനികൾക്കു് ഒഴിവു് കൊടുക്കാറുണ്ടോ എന്നു് ചോദിച്ചതിനു് ഉവ്വ് എന്നു പറഞ്ഞിട്ടുണ്ട്. എല്ലാവക്കും കൊടുത്തിട്ടുണ്ടോ?

മിസ്റ്റർ സി. ജെ. മാത്യു: എല്ലാവക്കും കൊടുത്തിട്ടുണ്ടാകയില്ല. ചോദിച്ചവക്ക കൊടുത്തിട്ടുണ്ട്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ചോദിക്കാത്തവരിൽ ആക്കെങ്കിലും ഒഴിവു് കൊടുത്തിട്ടുണ്ടോ?

മിസ്റ്റർ സി. ജെ. മാത്യു: നോട്ടീസ്സ് വേണം. പ്രിവെൻറിവ് ഫോഴ്സിൽ ഡ്യൂട്ടിയിൽനിന്നവക്ക കൊടുത്തിട്ടില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: മുസ്ലിംസിനോ?

മിസ്റ്റർ സി. ജെ. മാത്യു: പൊതുവെ ആക്കും കൊടുത്തിട്ടില്ല. പ്രിവെൻറിവ് ഫോഴ്സിൽ ഡ്യൂട്ടിയില്ലാത്തവക്ക കൊടുത്തിട്ടുണ്ട്.

മിസ്റ്റർ വി. കെ. കുട്ടി: അതിനെ സംബന്ധിച്ചു് വല്ല ആക്ഷേപവും കിട്ടീട്ടുണ്ടോ?

മിസ്റ്റർ സി. ജെ. മാത്യു: ഇല്ല.

PETTY OFFICERS—RESIGNATIONS OF

184. Mr. K. S. Panicker *(Ezhuvas-Mukundapuram)*:

താഴെ പറയുന്ന ചോദ്യങ്ങൾക്ക ഗവമ്മെണ്ടു സദയം മറുപടി പറയുമോ.—

(എ) മിസ്റ്റർ പറമ്പി ലോനപ്പൻ കമ്മീഷണരായതിനു ശേഷം ഡിപ്പാർട്ടുമെണ്ടിൽ നിന്നു എത്ര പെറ്റി ആഫീസർമാർ രാജിവെച്ചു് ഒഴിഞ്ഞുപോയിട്ടുണ്ടു്;

(ബി) അവർ ഓരോരുത്തരും ഏതേതു സമുദായത്തിൽ പെട്ടവരാണെന്നും എന്തു കാരണത്താലാണു രാജിവെച്ചതെന്നും, അവർ ഓരോരുത്തരുടേയും പരീക്ഷായോഗ്യതകളും എന്തെല്ലാമാണെന്നും പറയാമോ;

(സി) എത്ര ശിപായിമാർ രാജിവെച്ചിട്ടുണ്ടു്;

(ഡി) അവർ ഏതേതു സമുദായത്തിൽ പെട്ടവരാണെന്നും, ഓരോരുത്തരുടേയും രാജിക്ക കാരണമെന്താണെന്നും ഓരോരുത്തരുടേയും പരീക്ഷായോഗ്യതകളും എന്തെല്ലാമാണെന്നും പറയാമോ?

Mr. C. J. Mathew *(Joint Secretary to Government)*:

(എ) രണ്ടുപേർ.

(ബി) ഒരാൾ മുസൽമാനും മറെറ ആളും ജൂതനും ആണു്. ആദ്യത്തെ ആൾ കടം കൊണ്ടും രണ്ടാമത്തെ ആൾ അവധിയിൽ പ്രവേശിക്കുകയും പിന്നീടു് ന്യായമായ കാരണം കൂടാതെ അവധി നീട്ടിക്കിട്ടുവാൻ അപേക്ഷിച്ചതു നിരസിച്ചതു മൂലവുമാണു്. രണ്ടുപേരും പത്താംക്ലാസ്സു് പരീക്ഷ പാസ്സായവരാണു്.

LIBRARY ARCHIVES Kerala Legislative Assembly

(സി) മൂന്നുപേർ.

(ഡി) മറ്റ ഹിന്ദു, ക്രിസ്ത്യൻ, ഈഴവ എന്നീ സമുദായത്തിൽ പെട്ടവരാണ്. രണ്ടാമ സുഖക്കേട മൂലവും മറ്റൊരാൾ (ഈഴവൻ) ഡ്യൂട്ടിയിൽനിന്നും അനുവാദമില്ലാതെ സ്ഥലം വിട്ടുപോയതിനാൽ മേൽനടപടി ഭയപ്പെട്ടുമാണ്. അവക്ക മലയാളം എഴുതുവാനും വാ യിക്കുവാനും അറിയാമായിരുന്നു. പക്ഷെ പരീക്ഷായോഗ്യതകൾ ഒന്നുംതന്നെ ഉണ്ടായിരു ന്നില്ല.

മിസ്റ്റർ കെ. എം. ഇബ്രാഹിം: ഇവർ രണ്ടുപേരുടേയും പേര് ദയവായിട്ട പറയാമോ?

മിസ്റ്റർ സി. ജെ. മാത്യു: പേര് നിർബ്ബന്ധമില്ല, നോട്ടീസ് വേണം.

മിസ്റ്റർ കെ. എം. ഇബ്രാഹിം: ഇവർ രാജിവെച്ചതു് സ്വയമേവയൊ അതോ ഡി പ്പാർട്ട്മെൻറിന്റെ ഉപദേശമനുസരിച്ചോ?

മിസ്റ്റർ സി ജെ. മാത്യു: സ്വയമേവയാണ്.

മിസ്റ്റർ കെ. എം. ഇബ്രാഹിം: സ്വയമേവ രാജിവെച്ചില്ലെങ്കിൽ ഡിപ്പാർട്ട്മെൻറിൽ നിന്നു പിരിക്കുമെന്നു പറഞ്ഞിട്ടില്ലേ?

മിസ്റ്റർ സി. ജെ. മാത്യു: ഇല്ല. അവരുടെ ഇഷ്ടംപോലെ രാജിവെച്ചതാണ്.

മിസ്റ്റർ കെ. എം. ഇബ്രാഹിം: അവക്ക് സമയം കൊടുത്തുവോ?

മിസ്റ്റർ സി. ജെ. മാത്യു: കടം തീർക്കുവാനായിട്ട് രണ്ടുമാസത്തെ സമയം കൊടുത്തു. സ്റ്റാൻറിംഗ് ഓർഡർപ്രകാരം അനുവദിക്കാവുന്നതിൽ വിട്ട കൂടുതലായിട്ടാണ് രണ്ടുമാസ ത്തെ സമയം കൊടുത്തതു്. എങ്കിലും അവക്ക് കടം തീർക്കുവാൻ സാധിച്ചില്ല.

മിസ്റ്റർ കെ. എം ഇബ്രാഹിം: അവരുടെ സ്വത്തു് എത്രയുണ്ടു്, കടം എത്രയുണ്ടെന്നു പറയാമോ?

മിസ്റ്റർ സി. ജെ. മാത്യു: സ്വത്തു് എത്രയുണ്ടെന്നു അറിവില്ല, അനുവദിച്ച സമയത്തി നുള്ളിൽ അവസാനിപ്പിക്കുവാൻ സാധിക്കാത്തവിധം കടം ഉണ്ടായിരുന്നു.

മിസ്റ്റർ കെ. എം. ഇബ്രാഹിം: കടവും ധനവും നോക്കുമ്പോൾ കൊടുത്തുതീർക്കുവാൻ സാധിക്കുന്നില്ലെന്നു കണ്ടാൽ അവരുടെ ശമ്പളത്തിൽ അറാച്ച് ചെയ്താൽ പോരേ?

മിസ്റ്റർ സി. ജെ. മാത്യു: ശമ്പളം അറാച്ച് ചെയ്താലും തീർക്കുവാൻ സാധിക്കാത്തവി ധം അത്ര അധികം കടം ഉണ്ടായിരുന്നു.

മിസ്റ്റർ കെ. എം. ഇബ്രാഹിം: ഇവർ രണ്ടാളും ഇപ്പോൾ എന്തു ചെയ്യുന്നു?

മിസ്റ്റർ സി. ജെ. മാത്യു: അറിഞ്ഞുകൂടാ.

COMPOST IN THE TRICHUR MUNICIPALITY—COST OF MANUFACTURE

185. Mr. C. V. Iyyu *(Kunnamkulam):* Will Government be pleased to state.—

(*a*) the total amount spent for making compost in the Trichur Municipality between 1116 and 1119 and the total amount realised by the sale of compost;

(*b*) whether the experiment of applying compost produced by the Trichur Municipality and by the Public Health Department at Kunnamkulam and Trichur to food crops like tapioca has been found successful;

(*c*) whether Government has thought of the desirability to introduce compost making in other municipalities in the State to augment the supply of manure in the State?

Mr. C. J. Mathew *(Joint Secretary to Government):*

(*a*) The total amount spent till the end of Dhanu 1119, is Rs. 6,891—1—4 and the total sale proceeds Rs. 7,877—11—5.

(*b*) Yes, the cultivators say that they have been able to get increased returns by applying this compost manure.

(*c*) Yes, the other Municipalities have already been advised to introduce similar compost making method. The Municipalities of Mattancheri and Irinjalakkuda have already started this method and the Ernakulam Municipality is now taking steps in this direction.

ARTICLE IN THE "SAHODARAN" DATED 4TH DECEMBER 1943

186. Mr. C. V. Iyyu *(Kunnamkulam):* Will Government be pleased to state.—

(*a*) whether they have noted the article by Mr. R. Kochukrishnan, B.A., B.L., on page 4 of "Sahodaran" dated 4th December 1943 under the "Caption" "വെരമ്പാട്ട കടിയാൻ നിയമം";

LIBRARY ARCHIVES Kerala Legislative Assembly